# കുട്ടികളുടെ പത്താമത് ജൈവവൈവിധ്യ കോൺഗ്രസ്സ്

സ്കൂൾ വിദ്യാർത്ഥികൾക്കിടയിൽ ജൈവവൈവിധ്യ സംരക്ഷണം സംബന്ധിച്ച അവബോധം വരുത്തുന്നതിനായി സംസ്ഥാന ജൈവവൈവിധ്യ ബോർഡ് കുട്ടികളുടെ ജൈവവൈവിധ്യ കോൺഗ്രസ്സ് നടത്തി വരുന്നു. **ജില്ലാ തലത്തിൽ** കോൺഗ്രസ്സുമായി ബന്ധപ്പെട്ട വിവിധ മത്സര ങ്ങൾ സംഘടിപ്പിക്കുന്നതിന്റെ വിശദവിവരം ചുവടെ ചേർക്കുന്നു. ഗവൺമെന്റ് /എയിഡഡ്/ ഗവൺമെന്റ് affiliated അൺ എയിഡഡ് (UP/HS/HSS) സ്കൂളുകളിലെ വിദ്യാർത്ഥികൾക്ക് മത്സര ങ്ങളിൽ പങ്കെടുപ്പിക്കാം.

## ഈ വർഷത്തെ മത്സര ഇനങ്ങൾ

### 1. കുട്ടികളുടെ പ്രോജക്ട് അവതരണം:

മുഖ്യ വിഷയം (Focal Theme) -നമുക്കു ചുറ്റുമുള്ള ജൈവവൈവിധ്യം (Biodiversity around us).

ഉപവിഷയങ്ങൾ (Subthemes)

a) തദ്ദേശ ജൈവവൈവിധ്യം (Local Biodiversity), സ്കൂൾ പരിസരത്തെ ജൈവവൈവിധ്യം (Biodiversity in School campus).
b) തദ്ദേശ കാർഷിക ഇനങ്ങളുടെ വൈവിധ്യം (Diversity of local agricultural variety), തദ്ദേശ കന്നുകാലി ഇനങ്ങളുടെ വൈവിധ്യം (Cattle.etc).
c) തീരദേശ ജൈവവൈവിധ്യം (Coastal biodiversity), തണ്ണീർത്തട വൈവിധ്യം (Wetland biodiversity)
d) കാവുകളുടെ ജൈവവൈവിധ്യം (Biodiversity of sacred groves), ഭൂമിക്കടിയിലെജൈവ വൈ വിധ്യം (Subterranean biodiversity),
e) ജൈവവൈവിധ്യത്തിനു ഭീഷണി (Threats to biodiversity)

മേൽപ്പറഞ്ഞ ഉപവിഷയങ്ങളിൽ ഒരെണ്ണം തിരഞ്ഞെടുത്ത് പ്രോജക്ട് തയ്യാറാക്കാവുന്നതാണ്.

- ടീച്ചർ ഗൈഡ് സർട്ടിഫൈ ചെയ്ത പ്രോജക്ട് റിപ്പോർട്ട് ആയിരിക്കണം.
- പ്രോജക്ട് റിപ്പോർട്ട് 10 പേജിൽ കവിയാൻ പാടില്ല.
- പ്രോജക്ട് റിപ്പോർട്ട് മലയാളത്തിലോ ഇംഗ്ലീഷിലോ എഴുതാം.
- കയ്യെഴുത്ത്പ്രതി തന്നെ ആയിരിക്കണം.
- പ്രോജക്ട് അവതരണത്തിന് 8 മിനിട്ടും, അഭിമുഖത്തിന് 2 മിനിട്ടും, ആകെ 10 മിനിട്ടും ആണ് അനുവദിച്ചിട്ടുള്ള സമയം
- അനിമേഷൻ സ്ലൈഡ് പാടില്ല.
- പവർപോയിന്റ് ഉപയോഗിച്ച് 5 സ്ലൈഡ് അനുവദിക്കുന്നതാണ്, അല്ലെങ്കിൽ വരച്ച 5 ചാർട്ടുക ളുമാകാം.
- പ്രോജക്ട് റിപ്പോർട്ട് പ്രഥമാധ്യാപകൻ സാക്ഷ്യപ്പെടുത്തിയിരിക്കണം.

2. **ചിത്രരചന മത്സരം:**

- മത്സരത്തിനുള്ള വിഷയം ജില്ലാ തലത്തിൽ തീരുമാനിക്കും
- രണ്ടു മണിക്കൂറാണ് മത്സര സമയം.
- വാട്ടർ കളർ മാത്രം ഉപയോഗിക്കണം

3. **ക്വിസ്സ് മത്സരം:**

ക്വിസ്സ് മത്സരത്തിൽ ഓരോ വിഭാഗത്തിലേയും ടീമുകളുടെ എണ്ണമനുസരിച്ച് പ്രാഥമിക റൗണ്ട് മത്സരവും., അതിനുശേഷം ഓരോ വിഭാഗത്തിലും അഞ്ചു ടീമുകളെ ഉൾപ്പെടുത്തി ഫൈനൽ റൗണ്ട് മത്സരവും നടത്തുന്നതാണ്.

ഒരു സ്കൂളിൽ നിന്ന് ഓരോ വിഭാഗത്തിലും ഒരു ടീം മാത്രമേ പങ്കെടുക്കാവൂ.

**സ്കൂൾ മേലധികാരിയുടെ സാക്ഷ്യപ്പെടുത്തൽ സർട്ടിഫിക്കറ്റോടെ ആയിരിക്കണം മത്സരത്തിൽ പങ്കെടുക്കാൻ.**

**രജിസ്റ്റർ ചെയ്യാനുള്ള അവസാന തീയതിയും ജില്ലാതലമത്സരത്തിന്റെ തിയതിയും ഓരോ ജില്ല യിലെ ഡെപ്യൂട്ടി ഡയറക്ടർ, മേഖല ഡെപ്യൂട്ടി ഡയറക്ടർ എന്നിവരുടെ ഓഫീസുമായി ബന്ധപ്പെടേണ്ടതാണ്.**

സംശയനിവാരണത്തിനും, അഭിപ്രായങ്ങളും നിർദ്ദേശങ്ങളും അറിയിക്കുന്നതിനും സംസ്ഥാന ജൈവവൈവിധ്യ ബോർഡിന്റെ ഇ-മെയിലിലോ (keralabiodiversity@gmail.com) ഓഫീസ് ഫോണിലോ (0471-2554740) ബന്ധപ്പെടാവുന്നതാണ്.